# ഐ.ടി.രംഗത്തെ മുന്നേറ്റം

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
19.02.2009

ഐ.ടി. രംഗത്ത് അഞ്ച്വർഷത്തിനകം രണ്ട് ലക്ഷം തൊഴിലവസരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമെന്നാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ആദ്യ നയപ്രഖ്യാപന ത്തിൽ വ്യക്തമാക്കിയത്. അന്ന് ഊഹിക്കാൻ പോലും കഴിയാതിരുന്ന ഗുരുതരമായ സാമ്പത്തിക മാന്ദ്യമാണിന്ന് ആഗോളതലത്തിൽ. അനുദിനം മാന്ദ്യം രൂക്ഷമായി വരിക യാണ്. അധുനിക കാലത്തെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനമേഖല ഐ.ടി.യായതിനാൽ ഈ രംഗത്ത് തന്നെയാണ് മാന്ദ്യം അധികം ബാധിച്ചതും. കേരള ത്തിലെ ഐ.ടി. മേഖല അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളിലെ ഐ.ടി.മേഖ ലയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മാന്ദ്യത്തിന്റെ ദുഷ്ഫലം ഇവിടെയും പ്രകടമാവുക സ്വഭാവികമാണ്.

ഇങ്ങനെയുള്ള സാഹചര്യത്തിലും കേരളത്തിലെ ഐ.ടി.മേഖല മുന്നോട്ടേക്ക് പ്രയാണം തുടരുകയാണെന്നത് എടുത്തു പറയേണ്ടതാണ്. ഇപ്പോഴത്തെ ആഗോളസാമ്പത്തിക മാന്ദ്യം ഒന്നോ രണ്ടോ കൊല്ലത്തിനകം തീരുമെന്നും പിന്നെയും ഐ.ടി. മേഖല യുൾപ്പെടെ കുതിച്ചുകയറുമെന്നും വലിയൊരു വിഭാഗം സാമ്പത്തിക ശാസ്ത്രജ്ഞർ അഭി പ്രായപ്പെടുന്നു. ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യം സംസ്ഥാനത്ത് ഐ.ടി. അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നില്ല. മറിച്ച് സമീപഭാവി യിൽത്തന്നെ ഐ.ടി. രംഗത്ത് സാധ്യത പതിന്മടങ്ങാകാനാണ് പോകുന്നത്. അതുപയോഗ പ്പെടുത്താനും ലോക ഐ.ടി. ഭൂപടത്തിൽ പൂർവദേശത്തെ ഏറ്റവും സുപ്രധാന കേന്ദ്ര മായി കേരളത്തെ മാറ്റാനുമാണ് നമ്മുടെ ശ്രമം. ഇന്ത്യയിലെ ഏറ്റവും വിവരസമ്പന്ന സംസ്ഥാനമെന്ന് ലോകമാകെ അറിയപ്പെടുന്ന കേരളത്തിൽ വിവരസാങ്കേതികവിദ്യയു മായി ബന്ധപ്പെട്ട വ്യവസായത്തിന് വമ്പിച്ച സാധ്യതയാണുള്ളത്. ഐ.ടി.യിൽ ഇനി കേര ളത്തിന്റെ കാലമാണെന്ന് ചില പാശ്ചാത്യമാധ്യമങ്ങൾ വരെ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

വരാനിരിക്കുന്ന വമ്പിച്ച സാധ്യതകൾ കണ്ടുകൊണ്ടാണ് സംസ്ഥാനത്തിന്റെ എല്ലാ മേഖ ലകളിലും ഐ.ടി. പാർക്കുകൾ നിർമ്മിക്കാൻ ഊർജ്ജിത നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. തിരുവനന്തപുരവും എറണാകുളവും കേന്ദ്രീകരിച്ചുകൊണ്ടുള്ള ഐ.ടി. പദ്ധതികൾ വിപുലപ്പെടുത്തുക, ഒപ്പംതന്നെ എല്ലാ ജില്ലയിലും ഐ.ടി. പാർക്കു

ണ്ടാക്കുക, ഉത്തര കേരളത്തിൽ ഐ.ടി. പാർക്കുകളുടെ നടത്തിപ്പിനായി ടെക്നോപാർക്ക്, ഇൻഫോ പാർക്ക് മാതൃകയിൽ കോഴിക്കോട്ട് സൈബർപാർക്ക് സ്ഥാപിക്കുക എന്നിങ്ങനെ വിപുലമായ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. രാജ്യത്ത് ഐ.ടി.-ഐ.ടി. അനുബന്ധമേഖലയിൽ ഏറ്റവുമധികം വളർച്ചാനിരക്ക് കാണിക്കുന്ന സംസ്ഥാനമാണിന്ന് കേരളം. ഇൻഫോപാർക്കിൽ നിന്നുള്ള സോഫ്റ്റ് വെയർ കയറ്റുമതി കഴിഞ്ഞ വർഷം 85 ശതമാനം വളർച്ചയാണുണ്ടാക്കിയത്. ടെക്നോപാർക്കിൽ നിന്നുള്ള സോഫ്റ്റ്വെയർ കയറ്റുമതി ഇതേ കാലയളവിൽ 65 ശതമാനം വളർന്നു. സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. അടിസ്ഥാന സൗകര്യത്തിന്റെ അഞ്ച് മടങ്ങെങ്കിലും അടുത്ത അഞ്ച് വർഷത്തിനകം വികസിപ്പിച്ചെടുത്താലേ സാധ്യതകൾ പൂർണമായും നമുക്ക് ഉപയോഗപ്പെടുത്താനാകൂ. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഐ.ടി. ഹബ്ബുകളിലും സമീപ ജില്ലകളിലുള്ള അതിന്റെ ഉപസ്ഥാപനങ്ങളിലുമായി അടുത്ത മൂന്ന് വർഷത്തിനകം 1500-1800 കോടി രൂപ സർക്കാർ തന്നെ മുതൽ മുടക്കും. സർക്കാർ ഐ.ടി. പാർക്കുകളിൽ മാത്രമായി ചുരുങ്ങിയത് 4000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമുണ്ടാകും. പുതുതായി, നേരിട്ട് രണ്ട് ലക്ഷം തൊഴിലവസരം, അനുബന്ധമേഖലകളിലായി ലക്ഷക്കണക്കിന് തൊഴിലവസരം വേറെയും. അങ്ങനെ അടുത്ത അഞ്ച് വർഷത്തിനകം സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ മേഖലയും സാമ്പത്തിക സ്രോതസ്സും ഐ.ടി.മേഖലയാകും.

ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പുകളാണ് കഴിഞ്ഞ ദിവസം കൊല്ലം കുണ്ടറയിലും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിലും ഉണ്ടായത്, അടുത്ത ദിവസം ചേർത്തലയിൽ ഉണ്ടാകാൻ പോകുന്നത്. കുണ്ടറയിൽ 40 ഏക്കർ സ്ഥലത്താണ് ഐ.ടി. പാർക്കിന്റെ നിർമാണോദ്ഘാടനം നടന്നത്. ടെക്നോപാർക്കിന്റെ കീഴിൽ സ്ഥാപിക്കുന്ന കുണ്ടറ പാർക്കിൽ ആദ്യഘട്ടത്തിൽ നൂറ് കോടിരൂപയുടെ മുതൽമുടക്കാണുണ്ടാവുക. രണ്ടാം ഘട്ടം കൂടിയാവുമ്പോൾ മുതൽമുടക്ക് 400 കോടി രൂപയാകും. നേരിട്ട് എണ്ണായിരം പേർക്ക് തൊഴിൽ ലഭിക്കുന്ന ഈ സ്ഥാപനം അടുത്ത വർഷം അവസാനത്തോടെ പ്രവർത്തന സജ്ജമാകും.

അമ്പലപ്പുഴയിൽ നൂറേക്കർ സ്ഥലത്താണ് ഐ.ടി. പാർക്ക് വരുന്നത്. നാല്പതേക്കറോളം സ്ഥലത്ത് ജലാശയം അതേപടി നിലനിർത്തിക്കൊണ്ട് അറുപതേക്കറിലാണ് ഐ.ടി.-ഐ.ടി. അനുബന്ധ വ്യവസായത്തിനായി അടിസ്ഥാനസൗകര്യമൊരുക്കുന്നത്. ആദ്യഘട്ടത്തിൽ നൂറുകോടി രൂപയും രണ്ടാംഘട്ടത്തോടെ മൊത്തം 500 കോടി രൂപയുമാവും മുതൽമുടക്ക്. 2010 ഡിസംബറോടെ പ്രവർത്തന സജ്ജമാകുന്ന അമ്പലപ്പുഴ പാർക്കിൽ പതിനായിരം ഐ.ടി. പ്രൊഫഷണലുകൾക്ക് ജോലി ലഭിക്കും.

വരുന്ന ഞായറാഴ്ച ചേർത്തലയിലെ നിർദ്ദിഷ്ട ഐ.ടി. പാർക്കിന്റെ ശിലാസ്ഥാപനം നടക്കുകയാണ്. ആദ്യഘട്ടത്തിൽ നൂറുകോടി രൂപ മുതൽമുടക്കുന്ന ചേർത്തല പാർക്ക് 2011 ആദ്യം പ്രവർത്തന സജ്ജമാകും. ചുരുങ്ങിയത് എണ്ണായിരം പേർക്ക് ജോലി നൽകാനാവും. അമ്പലപ്പുഴയിലും ചേർത്തലയിലും ഐ.ടി. പാർക്ക് വരുന്നതോടെ ആലപ്പുഴ ജില്ലയുടെ മുഖഛായ തന്നെ മാറും. പിന്നോക്കാവസ്ഥ വലിയൊരളവോളം പരിഹരിക്കപ്പെടും. ചേർത്തല പാർക്കിൽ എണ്ണായിരത്തോളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. അമ്പലപ്പുഴ, ചേർത്തല ഐ.ടി. പാർക്കുകൾ കൊച്ചി ഇൻഫോപാർക്കിന്റെ കീഴിലായിരിക്കും.

ഇൻഫോപാർക്കിന്റെ കീഴിൽ തൃശൂർ ജില്ലയിലെ കൊരട്ടിയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കാൻ നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി 30 ഏക്കർ ഭൂമി ലഭ്യമാക്കിക്കഴിഞ്ഞു. ഐ.ടി. സംരംഭങ്ങൾക്ക് ഉപയോഗിക്കാവുന്ന കെട്ടിടങ്ങൾ ഇപ്പോൾത്തന്നെ അവിടെയുണ്ട്. ഇരുപത് കോടിയോളം രൂപ ചെലവിൽ മറ്റ് സംവിധാനങ്ങളെല്ലാമൊരുക്കി ഈ വരുന്ന സപ്തംബറിൽതന്നെ കൊരട്ടി ഐ.ടി. പാർക്ക് കമ്മീഷൻ ചെയ്യാനാവും. അയ്യായിരത്തോളം തൊഴിലവസരങ്ങളുണ്ടാക്കാനാകുമെന്നാണ് പ്രതീക്ഷ.

ഉത്തരകേരളത്തിലെ ഐ.ടി. സംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനും നയിക്കുന്നതിനുമായി കോഴിക്കോട് കേന്ദ്രമാക്കി സൈബർ പാർക്ക് എന്ന കമ്പനി രൂപീകരിച്ചു കഴിഞ്ഞു. 70 ഏക്കർ ഭൂമി ഏറ്റെടുക്കാൻ നടപടി തുടങ്ങി. ആദ്യഘട്ടത്തിൽ 250 കോടിയോളം രൂപ മുതൽ മുടക്കും. രണ്ട് വർഷത്തിനകം സൈബർ പാർക്ക് യാഥാർത്ഥ്യമാക്കാൻ കഴിയും.

സൈബർ പാർക്ക് കമ്പനിയുടെ കീഴിലാണ് കണ്ണൂർ ജില്ലയിലെ എരമത്തും കാസർക്കോട് ജില്ലയിലെ ചീമേനിയിലും ഐ.ടി. പാർക്ക് സ്ഥാപിക്കുന്നത്. എരമത്ത് മുപ്പതേക്കർ ഭൂമിയും ചീമേനിയിൽ നൂറേക്കർ ഭൂമിയും ലഭ്യമായിക്കഴിഞ്ഞു. രണ്ടിടത്തും സെസ് പദവി ലഭിച്ചു. രണ്ട് പാർക്കിന്റെയും നിർമ്മാണം ഈ വർഷം തന്നെ തുടങ്ങും.

സ്മാർട്സിറ്റി കരാറിന്റെ ഭാഗമായി മുൻഗവൺമെന്റ് ദുബൈ കമ്പനിക്ക് വിട്ടുകൊടുക്കാൻ നിശ്ചയിച്ചിരുന്ന ഇൻഫോപാർക്ക് ഇന്ന് വൻവികസനത്തിലേക്ക് കുതിക്കുകയാണ്. രണ്ട് വർഷത്തിനകം അയ്യായിരത്തിലധികം പേർക്ക് അവിടെ ജോലി കിട്ടി. നിരവധി പുതിയ കമ്പനികൾ വന്നു. കഴിഞ്ഞയാഴ്ച വിപുലമായ ഒരു ഐ.ടി. കെട്ടിടത്തിന്റെ (അതുല്യ) നിർമാണപ്രവൃത്തി ആരംഭിച്ചു. അമ്പലപ്പുഴ, ചേർത്തല, കൊരട്ടി ഐ.ടി. പാർക്കുകൾ ഇൻഫോപാർക്കിന്റെ കീഴിൽ വരാൻ പോകുന്നു.

നൂറിൽപ്പരം ഏക്കറിലായി പരന്നുകിടക്കുന്ന ഇൻഫോപാർക്കിൽ ഇന്ന് 45 കമ്പനികൾ പ്രവർത്തിക്കുന്നു. ഇരുപതു ലക്ഷം ചതുരശ്ര അടി കെട്ടിടം ഇതിനകം ഇൻഫോ

പാർക്കിൽ നിർമ്മിച്ചു കഴിഞ്ഞു. അറുനൂറു കോടിയിൽപ്പരം രൂപയാണ് അവിടെ മുതൽ മുടക്കപ്പെട്ടിട്ടുള്ളത്.

ഇൻഫോപാർക്ക് പുതിയ ഔന്നത്യങ്ങളിലേക്കും വിസ്തൃതിയിലേക്കും കുതിക്കുകയാണ്. ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾക്കായി ഇപ്പോൾ 160 ഏക്കർ സ്ഥലംകൂടി ഏറ്റെടുക്കുന്നുണ്ട്. അമ്പതിനായിരം പേർക്കു തൊഴിൽ ലഭിക്കാവുന്ന വിധത്തിലാണ് രണ്ടാംഘട്ട വികസനപ്രവർത്തനങ്ങൾ പ്ലാൻ ചെയ്തിട്ടുള്ളത്. സ്ഥലമെടുപ്പ് ഭാഗികമായി തൽക്കാലത്തേക്ക് സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ആ പ്രശ്നം വൈകാതെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. വിശാലമായ 300 ഏക്കറിൽ നാൽപ്പതുലക്ഷം ചതുരശ്ര അടി കെട്ടിടങ്ങളിലായി നൂറ്റമ്പതിലധികം ഐ.ടി. കമ്പനികളിൽ ഇരുപതിനായിരത്തിലധികം ഐ.ടി. വിദഗ്ധർ തൊഴിലെടുക്കുന്ന സ്ഥാപനമാണിന്ന് ടെക്നോപാർക്ക്. ഇന്ത്യയിലെ തത്തുല്യമായ ഏതൊരു ഐ.ടി. പാർക്കിന്റെയും പ്രവർത്തനച്ചെലവിന്റെ മൂന്നിലൊന്നു ചെലവു മാത്രമാണ് ടെക്നോപാർക്കിലേത്. ടെക്നോപാർക്കിൽ നിർമ്മിക്കാവുന്നതിന്റെ പരമാവധി കെട്ടിട സമുച്ചയങ്ങൾ ഇതിനകം വന്നു കഴിഞ്ഞു. സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന ഈ സ്ഥാപനവും അതിന്റെ മൂന്നാംഘട്ട വികസനപ്രവർത്തനങ്ങളുടെ ഭാഗമായി 92 ഏക്കർ സ്ഥലം കൂടി കൂട്ടിച്ചേർത്ത് വിപുലീകരിക്കുകയാണ്. 200 കോടി രൂപ മുതൽമുടക്കി പത്ത് ലക്ഷം ചതുരശ്ര അടി കെട്ടിടസമുച്ചയമാണ് മൂന്നാംഘട്ടത്തിൽ വരുന്നത്. 2011 ൽ അത് പ്രവർത്തന സജ്ജമാകും.

ടെക്നോപാർക്കിന്റെ നാലാംഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന ടെക്നോസിറ്റി പദ്ധതിയും വരാൻ പോവുകയാണ്. ടെക്നോപാർക്കിനടുത്ത് കൊല്ലം ദേശീയപാതയോടു ചേർന്ന് 450 ഏക്കർ സ്ഥലത്താണ് ആ പദ്ധതി വരുന്നത്. അതിൽ നൂറേക്കർ അക്വയർ ചെയ്തു കഴിഞ്ഞു. 60 ഏക്കറിന് സെസ് പദവി ലഭിച്ചു. സ്ഥലമെടുപ്പിന് മാത്രം 400 കോടി രൂപ ചെലവ് കണക്കാക്കുന്നു. 250 കോടി രൂപയാണ് കെട്ടിടങ്ങൾക്കും മറ്റ് സൗകര്യങ്ങൾക്കുമായി മുതൽ മുടക്കുക.

തൊണ്ണൂറായിരം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന സ്മാർട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങളെല്ലാം പെട്ടെന്നുതന്നെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഇതിനെല്ലാം പുറമെ സ്വകാര്യമേഖലയിലും ഐ.ടി. അടിസ്ഥാനസൗകര്യവികസനത്തിനും ഐ.ടി. സംരംഭങ്ങൾ തുടങ്ങുന്നതിനും നിർദേശങ്ങളുണ്ട്. എല്ലാംകൂടിയാവുമ്പോൾ അടുത്ത രണ്ടു-മൂന്നു വർഷംകൊണ്ട് ഐ.ടി. രംഗത്ത് കേരളം രാജ്യത്ത് ഒന്നാംനിരയിലെത്തുമെന്ന് നിസ്സംശയം പറയാം.